## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 483 30-06-2016-ൽ മറുപടിയ്ക്ക്

### പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി മൊബൈൽ ക്ലിനിക്കുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഡി.കെ. മുരളി** | | **ശ്രീ. എ.കെ. ബാലൻ**<br>(ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സംസ്കാരികവും വകുപ്പു മന്ത്രി) |
| എ) | പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി വാമനപുരം നിയോജക മണ്ഡലത്തിൽ എവിടെയെങ്കിലും മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തനം നടത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ ; | (എ) | പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖാന്തിരം വാമനപുരം നിയോജക മണ്ഡലത്തിൽ പ്രത്യേകമായ മൊബൈൽ ക്ലിനിക്കുകൾ പ്രവർത്തനം നടത്തുന്നില്ല. |
| ബി) | എസ്.സി. എസ്.ടി. ജനവിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന പെരിങ്ങമല, നന്ദിയോട്, പാങ്ങോട് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് മൊബൈൽ ക്ലിനിക്കുകളുടെ സേവനം ലഭ്യമാക്കുന്നതിനും, അവർക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി എത്തിക്കുന്നതിനും സൗജന്യ ലാബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ നെടുമങ്ങാട് പ്രവർത്തിച്ചു വരുന്ന മൊബൈൽ മെഡിക്കൽ യൂണിറ്റ് വാമനപുരം നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ സെറ്റിൽമെന്റുകൾ സന്ദർശിച്ച് മെഡിക്കൽ സേവനവും സൗജന്യ മരുന്നു വിതരണവും നടത്തുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ലാബോറട്ടറി, ചികിത്സ ചെലവുകൾ ഉൾപ്പെടെയുള്ള മെഡിക്കൽ ചെലവുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ